**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 375 01.12.2015-ൽ മറുപടിയ്ക്ക്**

# കെ. എസ്. ഇ. ബി. യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക.

**ചോദ്യം**

ശ്രീമതി. കെ. എസ്. സലീഖ :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) നിലവിൽ കെ. എസ്. ഇ. ബി. യുടെ ശരാശരി പ്രതിമാസ വരവ് - ചെലവ് കണക്കുകൾ വ്യക്തമാക്കുമോ ;

(എ) 2014-15 ലെ താൽക്കാലിക കണക്ക പ്രകാരം കെ.എസ്.ഇ.ബി യുടെ പ്രതിമാസ
വരവ് - 867.74 കോടി രൂപ
ചെലവ് - 974 .43 കോടി രൂപ

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ. എസ്. ഇ. ബി. യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയായിരുന്നെന്നും നിലവിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ത്രൈമാസമായാണ് കണക്കാക്കുന്നത്. 30.06.2011 കണക്കുപ്രകാരം 1202.59 കോടി രൂപയാണ് കുടിശ്ശികയിനത്തിലുണ്ടായിരുന്നത്

30.09.2015 ലെ കണക്ക പ്രകാരം നിലവിലുള്ള കുടിശ്ശിക 1961.57 കോടി രൂപയാണ്

ഇതിൽ കേരളാ വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക യായ 917/- കോടി രൂപയിൽ 500 കോടി രൂപ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ സർക്കാറിനു നൽകേണ്ട തുകയിൽ നിന്നും വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട് .

(സി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന- അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവയുടെ കുടിശ്ശിക എത്ര കോടി രൂപ വീതമെന്ന് വ്യക്തമാക്കുമോ ;

(സി) 30.09.2015 ലെ കണക്ക പ്രകാരം കുടിശ്ശിക അടയ്ക്കേണ്ടവരുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | 0.28 കോടി രൂപ |
| 2 | സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | 120.86 കോടി രൂപ |
| 3 | അർദ്ധ സർക്കാർ- പൊതുമേഖലാ സ്ഥാപനങ്ങൾ (സംസ്ഥാനം) | 1106.31 കോടി രൂപ |
| 4 | അർദ്ധ സർക്കാർ- പൊതുമേഖലാ സ്ഥാപനങ്ങൾ (കേന്ദ്രം) | 48.36 കോടി രൂപ |

| | | | |
|---|---|---|---|
| (ഡി) | കുടിശ്ശികയിനത്തിൽ സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും എന്തു തുക അടയ്ക്കുവാനു ണ്ടെന്ന് വ്യക്തമാക്കുമോ ; | (ഡി) | 30.09.2015 ലെ ത്രൈമാസ കണക്കു പ്രകാരം 664.69 കോടി രൂപയാണ് സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും കുടിശ്ശിക വരുത്തിയിട്ടുള്ളത്. |
| (ഇ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ കുടിശ്ശിക അടയ്ക്കുന്നതിൽ എത്ര തുകയുടെ ഒഴിവാക്കൽ ഇളവുകൾ അനുവദി ച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ; | (ഇ) | കുടിശ്ശിക തുകയിൽ ഇളവ് അനുവദിച്ചിട്ടില്ല. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 5 വർഷത്തിൽ കൂടുതൽ വന്ന കുടിശ്ശിക തുക യുടെ പലിശ 18% ൽ നിന്നും 6% ആയും 2 വർഷത്തിൽ കൂടുതലുള്ള തുകയ്ക്ക് 8% ആയും പലിശയിളവ് അനുവദിച്ചിട്ടുണ്ട് |
| (എഫ്) | വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ സ്ഥാപനം, പൊതുമേഖലാ സ്ഥാപനം, സ്വകാര്യ സ്ഥാപനം എന്നിവ ഏതൊക്കെയാണെന്ന് വ്യക്തമാ ക്കുമോ ? | (എഫ്) | |

| | | |
|---|---|---|
| 1 | സർക്കാർ സ്ഥാപനം - ജനറൽ ഹോസ്പിറ്റൽ, എറണാകുളം | 3.06 കോടി രൂപ |
| 2 | പൊതുമേഖലാ സ്ഥാപനം (കേന്ദ്ര സർക്കാർ) - ഫാക്ട്, ഉദ്യോഗമണ്ഡൽ | 12.91 കോടി രൂപ |
| 3 | പൊതുമേഖലാ സ്ഥാപനം (സംസ്ഥാന സർക്കാർ) - ട്രാവൻകൂർ - കൊച്ചിൻ കെമിക്കൽസ് (റ്റി.സി.സി.) | 105.87 കോടി രൂപ |
| 4 | സ്വകാര്യ സ്ഥാപനം - ബിനാനി സിങ്ക് ലിമിറ്റഡ് | 50.50 കോടി രൂപ |

സെക്ഷൻ ഓഫീസർ.